MR. THARIATHU KUNJITHOMMEN: സർ, രാജ്യോപയുക്തത്തിനു അവലംബമായ കൃഷിക്കും വ്യവസായത്തിനും അഭിവൃദ്ധി ഉണ്ടാക്കാൻ ഉദ്ദേശിച്ച് ഗവണ്മെണ്ടിൽനിന്നും കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെ ഞാൻ ഹൃദയപൂർവ്വം സ്വാഗതം ചെയ്തുകൊള്ളുന്നു. രാജ്യത്തിന്റെ പരിതസ്ഥിതിയും തൊഴിൽസംബന്ധമായ സാഹചര്യങ്ങളും ആലോചിക്കുമ്പോൾ ഈവിധത്തിൽ ഒരു ബിൽ കൊണ്ടുവന്നു മിതമായ പലിശക്കു കൃഷിക്കും വ്യവസായത്തിനും ധനം കടം കൊടുക്കത്തക്കവണ്ണമുള്ള ഒരു ബാങ്കു് വളരെ പണ്ടേതന്നെ സ്ഥാപിക്കേണ്ടതായിരുന്നു. ഇതിനെപ്പറ്റി പല അവസരങ്ങളിലും ജനങ്ങളും ജനപ്രതിനിധികളും യോഗങ്ങൾവഴിയായും പ്രതിനിധിസഭവഴിയായും വാദിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഇപ്പോഴെങ്കിലും ഗവണ്മെന്റു ഈ കാര്യത്തെപ്പറ്റി ശ്രദ്ധിച്ചതിൽ ജനങ്ങൾക്കുവളരെ ആഹ്ലാദമുണ്ടു്. എന്റെകാൺസ്റ്റിറ്റ്യുവൻസിയിലെ ജനങ്ങൾക്കു ഇതിന്റെ ഗുണം ഉടനെ അനുഭവിക്കണമെന്നു അതിയായ താല്പര്യമുണ്ടു്. ഈ വിഷയത്തിലുള്ള ഗവണ്മെണ്ടിന്റെ ഉദ്ദേശം ഏതുമെത്രയും പ്രയോജനകരമായുണ്ടാക്കുന്നതിനുള്ള താല്പര്യം അദ്ദിനങ്ങനെയുമാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjithommen]

ബില്ലിലെ ഓരോ വകുപ്പുകളേപ്പറ്റിയും എടുത്തുപറയേണ്ട സന്ദർഭം ഇതല്ലല്ലോ. സിലക്ട് കമ്മറ്റി വേണ്ട ഭേദഗതി വരുത്തിയതിനു ശേഷം ഓരോ വകുപ്പിനേയുംപറ്റി പ്രത്യേകം വിമർശിക്കാം. പൊതുവേയുള്ള ചില കാര്യങ്ങൾ ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നുകൊള്ളുന്നു.

ഇപ്പോൾ കൃഷിക്കും വ്യവസായത്തിനും മിതമായ പലിശക്ക് പണം കിട്ടാത്തതുകൊണ്ടു വലിയ മൂലധനം മുടക്കി അവയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് ജനസാമാന്യത്തിനു കഴിയുന്നില്ലെന്നുള്ള ഒരു സ്ഥിതിയാണ് ഏറ്റവും പരിതാപകരമായിട്ടുള്ളത്. കൃഷിയിൽനിന്നും പണ്ടത്തെപ്പോലെ ആദായം കിട്ടുന്നില്ല. തൊഴിൽ ചെയ്യുന്നതിനു പണം മുടക്കിയാൽ അതിനൊത്തക്ക പ്രതിഫലവും കിട്ടുന്നില്ല. ഉല്പന്നങ്ങൾക്കു വിലക്കുടിയിരുന്ന കാലത്തു കൂടുതൽ പലിശകൊടുത്തു പണം കടംവാങ്ങി തൊഴിലുകൾ ചെയ്യുന്നതിനു ജനങ്ങൾക്ക് സങ്കടം ഇല്ലായിരുന്നു. അതുകൊണ്ടു അവക്കു നഷ്ടവും ഇല്ലായിരുന്നു. എന്നാൽ ഉല്പന്നങ്ങൾക്കു വിലകുറഞ്ഞതിനുശേഷം പണ്ടത്തേപ്പോലെയുള്ള കൂടുതൽ പലിശകൊടുത്ത് പണം കടംവാങ്ങി ജോലികൾ നടത്തിയപ്പോൾ ആദായം ഇല്ലെന്നുമാത്രമല്ല മുതലുംകൂടി നഷ്ടപ്പെട്ടുതുടങ്ങി. അനവധി ബാങ്കുകൾ ഈ നാട്ടിൽ നടത്തിവരുന്നുണ്ട്. എങ്കിലും തൊഴിൽചെയ്യുന്നതിനു പറ്റുംപ്രകാരമായവിധത്തിൽ മിതമായ പലിശക്കു പണം കടംകൊടുക്കുന്ന ബാങ്കുകൾ ഇല്ലെന്നതന്നെ പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു കൂടുതൽ പലിശവാങ്ങി പണം കടംകൊടുക്കുന്ന ബാങ്കുകൾ നശിച്ചാലല്ലാതെ ഈ രാജ്യത്തെ കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടുകയില്ല. ജനങ്ങൾക്കു ക്ഷേമവും ഉണ്ടാകുകയില്ല. തൊഴിൽചെയ്യുന്ന ശീലിച്ചവർക്കു എന്തെങ്കിലും തൊഴിൽ ചെയ്യാതിരിക്കുവാൻ നിവൃത്തിയില്ല. അതിൽനിന്നുമുണ്ടാകുന്ന ലാഭവും നഷ്ടവും കാര്യമായി ഗണിക്കാൻ നിവൃത്തിയില്ല. എന്നാൽ അമിതമായ പലിശകൊടുക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു അങ്ങിനെയുള്ള ബാങ്കുകളെ ഇല്ലാതാക്കുന്നതിനു അവയെ ഉടനടി നിർത്തിക്കളയണമെന്നു ഞാൻ പറയുന്നില്ല. അതിലേക്കു ഏതെങ്കിലും ഒരു വ്യവസ്ഥചെയ്ത് അങ്ങിനെയുള്ള ബാങ്കുകളുടെ പ്രവർത്തനത്തെ ക്രമേണ കുറച്ചുകൊണ്ടുവരണം. മദ്യപാനാസക്തി കുറക്കുന്നതിനു ഗവണ്മെൻറിൽനിന്നും മദ്യഷാപ്പുകളുടെ എണ്ണം കുറച്ചുകുറച്ചു കൊണ്ടുവരുന്നതുപോലെ അന്യായമായി പലിശ വാങ്ങിക്കുന്ന ബാങ്കുകളുടെ എണ്ണത്തേയും ക്രമേണ കുറക്കണം. ഇങ്ങിനെയുള്ള സ്ഥാപനങ്ങളെ ഗവണ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

വരുകയോ അല്ലെങ്കിൽ ഈ ബില്ലിന്റെ തത്വമനുസരിച്ചുള്ള ശാഖാ ബാങ്കുകൾ താലൂക്കുതോറും ഏർപ്പെടുത്തുകയുംചെയ്യുക ഈ വൻപിച്ച പലിശ വാങ്ങുന്ന ബാങ്കുകളെ ഒന്നൊന്നായി ഇല്ലാതാക്കണം. എന്നാൽ മാത്രമെ ജനങ്ങൾക്കു ഐശ്വര്യവും രാജ്യത്തിനു ക്ഷേമവും ഉണ്ടാവുകയുള്ളൂ. ഉല്പന്നങ്ങൾക്കു കൂടുതൽ വിലയുണ്ടായിരുന്നതുകൊണ്ടു കൂടുതൽ പലിശ കൊടുക്കാൻ സാധിക്കുമെന്നു വിചാരിച്ചു പലരും പണം കടം വാങ്ങി കാർഷികവൃത്തികൾ നടത്തിയിരുന്നു. എന്നാൽ സാധനങ്ങൾക്കു പെട്ടെന്നുണ്ടായ വിലയിടിവുനിമിത്തം പലിശയോ മുതൽതന്നെയുമോ കൊടുക്കാൻ സാധിക്കാതെ അനവധി വസ്തുക്കൾ കുറഞ്ഞ വിലക്കു ഇപ്പോൾ ലേലത്തിൽ പോകുന്നുണ്ട്. ഇങ്ങനെ വിഷമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ മിതമായ പലിശക്കും ദീർഘകാലാവധിക്കുമായി കാർഷികാവശ്യങ്ങൾക്കും മറ്റും പണം കൊടുക്കത്തക്കവിധത്തിൽ ഈ ബിൽ കൊണ്ടുവന്നതു് വലിയ ഒരു ആശ്വാസംതന്നെ.

MR. K. P. KOCHUKORATHARAKAN : മിതമായ പലിശ എന്നു പറഞ്ഞതു് എത്രയാണു്?

MR. THARIATHU KUNJITHOMMEN : ൪ ശതമാനം പലിശയെയാണു് ഞാൻ മിതമായ പലിശ എന്നു പറഞ്ഞതു്. മൂന്നു ശതമാനം പലിശക്കു ഇപ്പോൾ ഗവണ്മെന്റിൽനിന്നും പണം കടം കൊടുക്കുന്നതുകൊണ്ടു അതിന്റെ ചെലവുകൾക്കായി ഒരുശതമാനംകൂടി ചേർത്തു ൪ ശതമാനം വയ്ക്കുന്നതുകൊണ്ടു യാതൊരു നഷ്ടവുമുണ്ടാവുകയില്ല. ഈ രീതിയിൽ ദീർഘകാലാവധിക്കു പണം കടംകൊടുത്തു ഈ രാജ്യത്തെ കൃഷിയേയും വ്യവസായത്തെയും പ്രോത്സാഹിപ്പിക്കണം. ഈ രാജ്യത്തിന്റെ പുരോഗതിക്കു പ്രതിബന്ധമായി നിൽക്കുന്ന തൊഴിൽചെയ്യുന്നതിനു ഇതല്ലാതെ വേറെ യാതൊരു മാർഗ്ഗവും കാണുന്നില്ല. ഇപ്പോൾ ഇവിടെനിന്നും വൻപിച്ച ഒരു തുക പുറത്തുനിന്നും വരുത്തുന്ന സാധനങ്ങളുടെ വിലയായി അന്യരാജ്യങ്ങളിലേക്കു ഒഴുകിക്കൊണ്ടിരിക്കുകയാണു്. അങ്ങിനെ പോകുന്ന തുകയും അനുസരിച്ചു ഇവിടെനിന്നും കാർഷികോല്പന്നങ്ങൾ അന്യദേശങ്ങളിലേക്കയച്ചു് അവിടെനിന്നും ഇങ്ങോട്ടും അതുപോലെ പണം വരുത്തേണ്ടതാണു്. ഇങ്ങനെ ഇവിടെനിന്നും വെളിയിൽ പോകുന്ന പണവും വെളിയിൽനിന്നും ഇവിടെ വന്നുകൊണ്ടിരിക്കുന്ന പണവും തുല്യമാക്കിയാൽ മാത്രമെ ഈ രാജ്യത്തു് ഐശ്വര്യം നിലനിറുത്താൻ സാധിക്കുകയുള്ളൂ. പുറത്തു

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariathu Kunjuthommman.]

നിന്നും ഇവിടത്തേക്കു വരുമാനമുണ്ടാകണമെങ്കിൽ ഇവിടത്തെ കാർഷിക കോല്പന്നങ്ങൾ വർദ്ധിക്കുകയും അവക്കു വെളിയിൽ നല്ല വില കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യണം. ഉല്പന്നങ്ങൾക്കു വില കുറഞ്ഞുപോയതുകൊണ്ടു വഴിയിൽ കവിഞ്ഞ ചെലവായിട്ടാണ് രാജ്യത്തിന്റെ പൊതുവേയുള്ള ഇന്നത്തെ സ്ഥിതി ഇരിക്കുന്നതു്.

കാർഷ്കോപകരണങ്ങളും ഇരിമ്പുസാമാനങ്ങളും ഭക്ഷണസാധനങ്ങളും ഇവിടെ മുമ്പിലത്തേപ്പോലെ തന്നെ വരുത്തേണ്ടിയിരിക്കുന്നു. ഇവിടത്തെ സാധനങ്ങൾക്കു വില കുറഞ്ഞുപോയിരിക്കുന്നതുകൊണ്ടു ഇവിടെ വരുത്തേണ്ട സാധനങ്ങൾക്കു യാതൊരു കുറവും വന്നുചേർന്നിട്ടില്ല. അതുകൊണ്ടു് ഇവിടെ വരവു വർദ്ധിക്കണമെങ്കിൽ കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടുത്തുകതന്നെവേണം. അതിലേക്കു മുതുങ്ങിയ പലിശക്കു പണം കടം കൊടുക്കണം. അന്യായമായ പലിശക്കു പണം കടം വാങ്ങിച്ചു കൃഷിനടത്തി ജനങ്ങൾ കഷ്ടവും നഷ്ടവും സഹിച്ചു വിഷമിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നു് ജനങ്ങളെ ആശ്വസിപ്പിക്കാമെന്നു വിചാരിച്ചു് ഗവണ്മെന്റിന്റെ ധർമ്മബുദ്ധിയെ ഞാൻ അഭിനന്ദിക്കുന്നു.

എന്നാൽ ഈ ബില്ലിന്റെ ഉദ്ദേശങ്ങളെ പ്രയോഗത്തിൽ വരുത്തുന്നതിനു വലിയ വിഷമങ്ങൾ വന്നുചേരുമെന്നു് ഗവണ്മെന്റിനു് ഞാൻ ഒരു മുന്നറിവു് തന്നുകൊള്ളുന്നു. ഇപ്പോൾ കൃഷിവായ്പ ഇനത്തിൽ നിന്നും ലാൻഡ് മാർട്ട്ഗേജ് ബാങ്കിൽനിന്നും പണം കടം കിട്ടുന്നുണ്ടെങ്കിലും അതുകൊണ്ടൊന്നും സാരമായ പ്രയോജനം ലഭിക്കുന്നില്ല. ഈ ഇനങ്ങളിൽനിന്നും 1000 രൂപാ കടം വാങ്ങിക്കണമെങ്കിൽ അൻപതു രൂപയെങ്കിലും അതിനുവേണ്ടി ചെലവാക്കേണ്ടിയിരിക്കുന്നതുകൂടാതെ നാലോ അഞ്ചോ മാസം റവന്യൂ ഉദ്യോഗസ്ഥന്മാരുടെ പുറകെ നടക്കുകയും വേണം. ഇങ്ങനെയൊക്കെ ചെലവാക്കിയാൽ ചിലപ്പോൾ കിട്ടിയെന്നുവരാം, കിട്ടിയില്ലെന്നുംവരാം. പണം കിട്ടിയില്ലെങ്കിലും പത്തോ അൻപതോ രൂപ അതിലേക്കു ചെലവാക്കാതെ യാതൊരു നിവൃത്തിയുമില്ല. തഹശീൽദാർ ഇതു് നേരിട്ടു വാങ്ങിക്കുന്നില്ല. കീഴ് ഉദ്യോഗസ്ഥന്മാർവഴിയാണ് ഇതു നടക്കുന്നതു്. ഇങ്ങനെയുള്ള ലോൺ കിട്ടുന്നതിനു വേണ്ടി ചെലവുചെയ്യേണ്ട പണത്തുകയെപ്പറ്റി നോക്കിയാൽ അതിനു നിശ്ചയിച്ചിട്ടുള്ള പലിശക്കുറവുകൊണ്ടു് യാതൊരു പ്രയോജനവുമില്ലെന്നു കാണാവുന്നതാണ്. അന്യായമായി പലിശവാങ്ങുന്ന സമ്പ്രദായം തുടർന്നുകൊണ്ടുപോകാൻ ഗവണ്മെന്റു് ഒരിക്കലും അനുവദിക്ക

LIBRARY ARCHIVES Kerala Legislative Assembly

തുണ്ട്. രണ്ടോ മൂന്നോ ശതമാനം പലിശ വയ്ക്കുന്നതുകൊണ്ടും യാതൊരു തരക്കേടുമില്ല. മുപ്പതു് വർഷമെങ്കിലും കാലാവധി വയ്ക്കണം. എന്നാൽ മാത്രമേ അതുകൊണ്ടു് സാരമായ ഗുണം വല്ലതും ഉണ്ടാവുകയുള്ളൂ. ഒരാളിനു പതിനായിരമോ പതിനയ്യായിരമോ രൂപ വരെ കടം കൊടുക്കാമെന്നു വ്യവസ്ഥചെയ്യണം. അങ്ങനെ വ്യവസ്ഥചെയ്യുമ്പോൾ അതിലേക്കു ഒരുകോടി രൂപയുടെ മൂലധനം പോരാതെവരും. എന്നാൽ ഡിബഞ്ചർ ബാണ്ടു് വഴിയും മറ്റുമായിഎത്രഅധികം പണം വേണമെങ്കിലും വെളിയിൽകൊടുക്കാൻ സന്നദ്ധമാണെന്നു ഗവണ്മെന്റു പറയുന്നുണ്ടു്. ഈ രാജ്യത്തെ പ്രധാനതൊഴിൽ കൃഷിയും വ്യവസായത്തെയും ആശ്രയിച്ചായതുകൊണ്ടു് അതിലേക്കു മൂന്നുകോടിരൂപ എങ്കിലും മൂലധനമുണ്ടായിരിക്കേണ്ടതാണു്. ഒരുകോടിരൂപ ആദ്യമായി ഷെയർ ഇനത്തിൽ പിരിക്കണം. മൂലധനം ഒരു കോടി എന്നതിനെ മൂന്നുകോടി എന്നാക്കണം. കാലാവധി നാം വർഷമാക്കണം. പലിശ നാലു ശതമാനത്തിൽ കൂടുതലാകാൻപാടില്ല. ഈ വിധത്തിലുള്ള വ്യവസ്ഥകൾചെയ്തു ബാങ്കിനെ ജനങ്ങൾക്കു സുകരമാക്കുകയും കാലതാമസവും പാഴ്ചെലവും വരുത്താതെ സൂക്ഷിക്കുകയും ചെയ്യേണ്ടതാണു്. അതിലേക്കും കൈക്കൂലി കൊടുക്കണമെന്നു വരുന്നതു് കഷ്ടമാണു്. യോഗ്യന്മാർക്കു കൈക്കൂലി കൊടുക്കാൻതന്നെ പ്രയാസമാണു്. അതു് ഗവണ്മെൻറിന്റെ സ്ഥാനത്തിനും നല്ലവരിനും ദോഷം വരുത്തുന്നതാണു്.

കർഷകർക്കു പണം കടം കൊടുക്കുന്നതായി പല ബാങ്കുകളും അന്യരാജ്യത്തിലുണ്ടു്. ഭൂമി ഈടുകൊടുത്തുതന്നെയാണു് അവിടെയും പണം കടംവാങ്ങിക്കുന്നതു്. അവിടെ ഈ വക ഏർപ്പാടുകൾ നടത്തുന്നതു് പാർവത്യകാർ മുഖേനയാണോ അതല്ല പൌരന്മാരുടെ ബോർഡോ മറ്റോ ഏർപ്പെടുത്തിയാണോ എന്നും മറ്റുമുള്ള സംഗതികളെപ്പറ്റി അന്വേഷിച്ചു് ആ രീതിയിൽ ഇവിടെയും പ്രയോഗത്തിൽ വരുത്തുന്നതിനു് ശ്രമിക്കേണ്ടതാണു്.

ചില വകുപ്പുകളെത്തന്നെ ഇതിൽ വ്യത്യാസപ്പെടുത്തേണ്ടിയിരിക്കുന്നു. സെലക്ട്കമ്മറ്റിയിൽ പോയിട്ടു വന്നതിനുശേഷം ഓരോരോ വകുപ്പായി വായിച്ചു് പാസ്സാക്കുന്ന അവസരത്തിൽ അതിനെപ്പറ്റി വിമർശിച്ചുകൊള്ളാമെന്നു പ്രസ്താപിച്ചുകൊണ്ടു് ഈ ബില്ലിനെ ഞാൻ ഹൃദയപൂർവം അനുകൂലിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. D. FRANCIS (*Kalkulam cum Vilavankod*): Sir, நான் இந்த பில்லை பலமாக அனுகூலிக்கின்றேன். சர்க்காரில் அதிக வட்டி கொடுத்து ப் பணம் கடன் வாங்குவதனால் சற்றும் பிரயோஜனம் ஏற்படுவதில்லை. சர்க்காரில் பணம் கடன் வாங்குவது பூமியை வெட்டித் திருத்தி நிலமாக்கி கிருஷி செய்வதற்காகும். அதற்கு அடுத்த வருஷத்தில் தானே Rs. 1000-க்கு நூறு ரூபாய் தவணை கெட்ட வேண்டுமென்று கேட்டால் அதைக் கொடுப்பதற்கு பாதாரு நிவர்த்தியும் காணமாட்டாது. நிபந்தனையனுசரித்துள்ள தொகையைக் கொடுக்க முடியாமலிருப்பதனால் அவருடைய எல்லாச் சொத்துக்களும் ஏலத்தில் விற்றுவிடப்படுகின்றன. அது நிமித்தம் அவருக்குப் பெரிய நஷ்டமும் அவமானமும் ஏற்படுகின்றது. அது போல வே கைத்தொழில் டிபார்ட்மெண்டிலிருந்து ரூபா ஐயாயிரம் கடன் வாங்கி ஒருவர் கைத்தொழில் நடத்துகிறதென்று நினைத்துக் கொள்வோம். பணம் கடன் வாங்கி கைத்தொழில் நடத்துவதற்கே ஒரு வருஷம் பிடித்துவரும். உடனே தானே தவணை பணம் Rs 500 கெட்டவேண்டுமென்று கேட்டால் அதின் பத்திலொரு பாகத்தைக் கூடத்திரும்பக் கொடுக்க இயலாது. இந்நிலைமையிலேதான் அவர் கடுதல் கடனாளியாகிவிடுவது. ஆகையால், டிபார்ட்மெண்டிலிருந்து பணம் கடன் வாங்கித் தொழில் நடத்துவதைக் குறித்துள்ள நம்பிக்கையானது ஜனங்களுக்குப் படிப்படியாய்க் குறைத்துகொண்டே வருகின்றது. அதனால் நஷ்டம் ஒருவேயல்லாமல் ஒரு பொழுதும் முன்னுக்கு வர இயலாது. ஆகையால் கிருஷி வாய்ப்பும் கைத்தொழில் வாய்ப்பும் நீண்ட காலவாயிதாவில் குறைந்த வட்டிக்கு கடன் கொடுக்கவேண்டும். இரண்டரையோ மூன்றோ சதமானம் வட்டிக்கு இப்பொழுது கவர்ன்மெண்டிலிருந்து வேறே பாங்குகளுக்கு கடன் கொடுத்திருக்கின்றது. இப்படிப்பட்ட வட்டிக் நிரமத்தில் கடன் கொடுத்தால் மாத்திரமே அதனால் பிரயோஜனம் ஏற்படும்.

கன்ஸீலியேஷன் போர்டுகள் ஏற்படுத்துவதற்காக ஏராளமான பணம் செலவு செய்யப்பட்டிருக்கின்றது. அங்கே இப்பொழுது அதிகமாக ஒன்றும் டக்கவில்லை. கடனாளிகளுக்கு ஒருவரும் பணம் கடன் கொடுக்காததினால் தங்களுடைய கடனைத் தீர்க்க வழியில்லாமல் கடனாளிகள் மிகவும் கஷ்டப்படுகிறார்கள். அவர்களுக்கு இந்த சர்க்கார் பாங்கினால் மிகவும் ஸௌகரியம் கிடைக்கும் ஆகையால் இந்த பில்லை உடனே நடப்பாக்கிப் பிரயோகத்துக்குக் கொண்டு வரவேண்டுமென்று நான் கேட்டுக் கொண்டு இந்த பில்லை பலமாய் அனுகூலிக்கின்றேன்.

MR. K. R. NARAYANAN: സർ, തിരുവിതാംകൂർ സ്റ്റേറ്റ് ക്രഡിറ്റ് ബാങ്ക് ബില്ലിന്റെ തത്വത്തോടും ലക്ഷ്യത്തോടും ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഞാൻ ഈ ബില്ലിനോടു യോജിക്കുവാനുള്ള കാരണങ്ങളിൽ ഏറ്റവും പ്രധാനമായതു് തിരുവിതാംകൂറിലെ കടത്തിനു് ഈ ബാങ്കുമുഖം എന്തെങ്കിലും പരിഹാരം വരുമല്ലോ എന്നുള്ളതാണു്. തിരുവിതാംകൂറിലെമൊത്തം കടം 2 ൪ കോടി രൂപായിൽ കൂടുതലാണെന്നാണടാവൻകൂർ ബാങ്കിംഗ് എൻക്വയറികമ്മറ്റി റിപ്പോർട്ടിൽ കാണുന്നതു്. ഇങ്ങനെ മൊത്തം കടം 2 ൪കോടിരൂപയാണെന്നു പറഞ്ഞാൽഅതിന്റെ ഒന്നിനു് ശരാശരി നൂറു രൂപായും വീതത്തിനു് ശരാശരി നൂറു

LIBRARY ARCHIVES Kerala Legislative Assembly

രൂപായും ആണ വരുന്നതെന്ന വ്യക്തമാണല്ലോ. കടമില്ലാത്ത ആളുകളെ ഒഴിച്ചു കടക്കാരായ സാധുക്കളെ മാത്രമെടുത്താൽ തിരുവിതാംകൂറിലെ ജനങ്ങളിൽ ഒരു ഗണനീയ വിഭാഗത്തിന്റെ സ്ഥിതി പരിതാപകരമായ വിധത്തിലാണെന്ന കാണാവുന്നതാണ്. എന്നാൽ ഇപ്പോഴും ഈ കടത്തിന് വല്ല വ്യത്യാസവും വന്നിട്ടുണ്ടോ എന്നറിയുന്നതിന് സെൻസസ് റിപ്പോർട്ട് നോക്കിയാൽ മതി. ൨൩ കോടി രൂപാ കടമായിരുന്നത് ഇപ്പോൾ ഇരുപതുകോടി രൂപയായി കുറഞ്ഞിട്ടുണ്ട് എന്ന് സെൻസസ് റിപ്പോർട്ടിൽ കാണുന്നുണ്ട്. ഈ നമ്പർ എങ്ങിനെയെങ്കിലും പിശകിപ്പോയതായി കമ്മിഷണർ തന്നെ റിപ്പോർട്ടിന്റെ ഒരു ഭാഗത്തു പറഞ്ഞിട്ടുണ്ട് എന്നാണ് എന്റെ ഓർമ്മ ൨൦ ആയാലും ൨൩ ആയാലും കുറച്ചധികം കോടി രൂപാ കടത്തിലാണ് ഇവിടത്തെ ആളുകൾ കിടക്കുന്നതെന്നുള്ളതിന് സംശയമില്ല. ഇതിന പരിഹാരമെന്താണ്. ഈദ്ദേശമായ ഒരു ബാങ്ക് ഏർപ്പെടുത്തി ഗവണ്മെൻറിന്റെ സഹായത്തോടുകൂടി ആ സ്ഥാപനം മുമ്പോട്ടുകൊണ്ടുപോയെങ്കിലല്ലാതെ ഈ കടത്തിന് യാതൊരു വിധമായ പരിഹാരവും ഉണ്ടാകുന്ന ലക്ഷണം കാണുന്നില്ല.

തിരുവിതാംകൂറിന്റെ സാമ്പത്തികസ്ഥിതി ഇന്നത്തെ നിലയിൽ നിന്നും ഏതെങ്കിലും പ്രകാരത്തിൽ മുന്നോട്ടുകൊണ്ടുപോകണമെങ്കിൽ ഇവിടത്തെ കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെടാതെ സാധിക്കുകയില്ലെന്നുള്ളതാണ് ഈ ബില്ലിനെ സ്വാഗതംചെയ്യുന്നതിനുള്ള മുഖ്യമായ കാരണം ഇവിടെ ഉണ്ടായിട്ടുള്ള ധനപരമായ റിപ്പോർട്ടുകളിൽ ആ റിപ്പോർട്ടുകൾ എഴുതിയിട്ടുള്ള ആളുകൾ എല്ലാംതന്നെ ഈ സംഗതി വ്യക്തമായി പറഞ്ഞിട്ടുണ്ട്. കൃഷിവായ്പയും വ്യവസായവ്യായ്പയുംകൊടുത്ത് തിരുവിതാംകൂർ ഗവണ്മെൻറ് ഇവിടത്തെ ജനങ്ങളെ സഹായിച്ചില്ലെങ്കിൽ തൊഴിലില്ലായ്മപ്രശ്നം ഈ അടുത്തകാലത്തെങ്ങും അവസാനിക്കുകയില്ലെന്ന് അണ്ണാമലൈയിമെൻറ് കമ്മറിറിപ്പോർട്ടിലെ നിർദ്ദേശങ്ങളിൽ പ്രസ്താവിച്ചിരിക്കുന്നു. ഇന്നത്തെ കൃഷിവായ്പയും വ്യവസായവായ്പയുംകൊണ്ട ഒരു വ്യവസായവും കൃഷിയും മുന്നോട്ടുനടത്തിക്കൊണ്ടുപോകാൻ കഴിയുന്നതല്ല. ഈ ബില്ലുകൊണ്ടു ഈ നാട്ടിലെ കടത്തെ പരിഹരിക്കാമെന്ന വിചാരിക്കുന്നതിനും പുറമെ കർഷകപ്രധാനമായ ഈ രാജ്യത്തെ കുറേശ്ശ കുറേശ്ശ വ്യവസായപരമായി ഉയർത്തുന്നതിനുകൂടി സാധിക്കുന്നതാണ്. തിരുവിതാംകൂറിലെ ഇപ്പോഴത്തെയും ഭാവിയിലേയും തൊഴിലാളിപ്രശ്നത്തെ ഈ ബിൽ സാരമായി

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. R. Narayanan.]

ബാധിക്കുമെന്നുള്ളതുകൊണ്ടും ശോഭനമായ ഒരു ഭാവി ഇതിൻ ഉണ്ടാകുമെന്നുള്ള വിശ്വാസത്തോടുംകൂടി ഞാൻ ഹൃദയപൂർവമായി സ്വാഗതം പറഞ്ഞുകൊള്ളുന്നു.

ഇതോടുകൂടി ഒരുവാക്ക് ഈ ബില്ലിനോടുള്ള പ്രതിഷേധസൂചകമായും എനിക്കുപറയുവാനുണ്ട്. എന്നാൽ ആ പ്രതിഷേധം ഈബില്ലിന്റെ തത്വത്തോടല്ല, ലക്ഷ്യത്തോടല്ല, അതിന്റെ ആദർശത്തോടുമല്ല. അതിന്റെ നടത്തിപ്പിനെപ്പറ്റി പറയാനുള്ളതു പറയുകയുമല്ല. എന്നാൽ ഒരു കാര്യം പറയാതെയിരിക്കുന്നതു കൃത്യവിലോപമായി കരുതുന്നു. ഇത്ര പ്രധാനപ്പെട്ട ഒരു ബില്ല് ജനസമുദായത്തിന്റെ തീരുമാനത്തിനായി ഇത്രയുംവേഗത്തിൽ ഇവിടെ കൊണ്ടുവന്ന് ഇത്രതിടുക്കത്തിൽ ഒരഭിപ്രായമുണ്ടാക്കി തീരുമാനംകല്പിക്കത്തക്കവിധത്തിലുള്ള ഒരു രങ്ഗം സൃഷ്ടിക്കുന്നതു നല്ലതല്ല. ഈ ബില്ലിന്റെ കാര്യത്തിലെന്നല്ല, ഏതു ബില്ലിന്റെ കാര്യത്തിലും ഇതുശരിയായിട്ടുള്ളതല്ല. കഴിഞ്ഞ ഗസറ്റിൽനിന്നാണ് മലയാളം അറിയാവുന്നവർക്കും ഇംഗ്ലീഷ് അറിയാവുന്നവർക്കും ഈ ബില്ലു വായിച്ചു മനസിലാക്കുവാൻ സൌകര്യം ലഭിച്ചിട്ടുള്ളതു്. അസംബ്ളിമെമ്പന്മാർക്ക് കഴിഞ്ഞ ഗസറ്റുകിട്ടിയതിന്റെ ശേഷമാണ് ഇതിനെക്കുറിച്ചു മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. അതിനുശേഷം എനിക്കു കിട്ടിയിട്ടുള്ള അറിവും അസംബ്ളി അധികൃതന്മാരിൽ ചിലർ ഞങ്ങൾക്കയച്ചിട്ടുള്ള മൂഴുത്തും നോക്കുകയാണെങ്കിൽ കഴിയുന്നതും വേഗത്തിൽ ഈ ബില്ലിനെ ഒരു സിലക്ട്കമ്മറ്റിക്കയച്ചു അവിടെ കഴിയുന്നതും വേഗത്തിൽ ഒരു തീരുമാനം ഉണ്ടാക്കി എത്രയുംവേഗത്തിൽ ഇതിനെ നടപ്പിൽവരുത്തുന്നതിനു വലിയ ഒരു തിടുക്കം ഗവണ്മെന്റുഭാഗത്തു കാണിക്കുന്നതായി പ്രത്യക്ഷമാകുന്നതാണ്. ഇത്ര തിടുക്കം കാണിക്കുന്നതു നീതീകരിക്കാവുന്നതല്ല. ഇവിടത്തെ ഷെയറികളും മറ്റു ചില ബാങ്കുകളുമായി ബന്ധമുണ്ടാക്കുക മുതലായ ഗുരുതരമായ കാര്യങ്ങളും വരുന്ന ഈ ബില്ലിന് ഇത്രയുംവേഗത്തിൽ ഒരു ജനസമ്മതി വാങ്ങിക്കാൻ ഗവണ്മെന്റു ആവേശം കാണിക്കുന്നതിന്റെ ഉദ്ദേശം എന്താണ്? ബിൽശരിയായാലും തെറ്റായാലും പൊതുജനങ്ങളുടെ ഇതിനേപ്പറ്റിയുള്ള അഭിപ്രായഗതിക്കൂടി ശരിക്കറിഞ്ഞതിനുശേഷം പാസാക്കുവാൻ നോക്കുകയായിരുന്നു വേണ്ടതു്. ഈ പ്രതിഷേധത്തെ രേഖപ്പെടുത്തിക്കൊണ്ടു ഈ ബില്ലിന്റെ ലക്ഷ്യത്തോടും തത്വത്തോടും അനുകൂലിച്ചു അതിനു സ്വാഗതം പറയുകയും പൊതുജനാഭിപ്രായത്തെ ശരിയായ രൂപത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അറിഞ്ഞു പ്രവർത്തിക്കുന്നതിന് മേലാലെങ്കിലും സൗകര്യം കൊടുക്കണമെന്ന് അപേക്ഷിക്കുകയും ചെയ്തുകൊണ്ട് ഈ ബില്ലിനോടുള്ള അനുകൂല്യം പ്രകടിപ്പിച്ചുകൊള്ളുന്നു.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I rise to support the principle of the Bill; but in doing so, I wish to make a few observations for the consideration of this House. It is gratifying to find that there is provision in to Bill which will enable the Bank to issue debentures with the previous sanction of the Government and that the principal and interest in respect of such debentures will carry the guarantee of the Government. This is essential to enable the Bank to play an important part in helping the conciliation of agricultural debts for effecting which Boards have been set up in different centers under the provisions of a Special Statute. But, Sir, I wish to make it clear that a maximum should be prescribed in the Regulation itself regarding the total amount up to which alone debentures may be issued even with the Government's sanction and I would suggest that such maximum should not exceed on any account the total value of the mortgage bonds and the other assets of the Bank. It is also necessary that a debenture redumption fund should be opened and that the Bank should be exempted from the payment of all fees under the Registration Regulation.

Another point which I wish to urge upon the attention of the House is this: Shedule I annexed to the Bill enumerates the purposes for which the loans will be advanced by the Bank. Except sub-clause (f) of clause (1) of Part I of the Schedule there is no express provision in the Bill which will enable the debtors to get loans from the Bank to discharge the already existing secured personal debts. Even this sub-clause (f) restricts its scope to the debts already incurred for any of the purposes mentioned in sub-clause (a) to (e). An enquiry by the Board to find out whether a particular unsecured debt was or was not incurred for any of the purpose mentioned in sub-clauses (a) to (e) will naturally lead to much hardship and inconvenience. Moreover, with regard to the giving of loans for discharging the debts charged on the immoveable property no enquiry is contemplated under the provisions of this Bill. So, my submission is that there should not be any restriction or any distinction between personal and secured debts. There should be express provision in the Regulation which will enable the Bank to give loans for discharging the already existing debts, both personal and secured. This will only be in conformity with the valuable recommendations contained in the Devadhar Committee Report also.

Sir, the conciliation of agricultural debts will include both personal and secured debts and if the Bank is going to help the conciliation of agricultural debts, there should be no distinction between personal and secured debts.

At present, in addition to the Travancore State Land Mortgage Bank there are two other Governmental agencies to give loans for the

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puliyoor T. P. Velayudhan Pillai.]

purpose of developing and promoting agriculture and industry. One such agency is the Land Revenue Department under the provisions of the Land Improvement and Agricultural Loans Regulation and the other is the Industrial Department under the provisions of the State Aid to Industries Regulation, that is, Regulation IV of 1107. Clause (3) to part I of the Schedule provides for granting loans for agricultural and Industrial purposes, if the Bank is entrusted with that work. This provision is quite unsatisfactory because we must know where we are and what the Bank is going to do. If, as stated by the Dewan-President in this House, the working of both these Departments in the matter of granting loans, that is, the Industrial loans and the Agricultural loans, is unsatisfactory, I should submit—where is the necessity for having these two Regulations in the statute book—the Land Improvement and the Agricultural Loans Regulation and the State Aid to Industries Regulation. So my submission is that it will be anomalous if we make provision creating double agencies for performing or discharging one and the same functions.

PRESIDENT. The honourable member may be sure that the intention of Government is to have only one agency for the purposes which this Bank will serve.

MR. PULIYOOR T. P. VELAYUDHAN PILLAI: If it is so, there is absolutely no necessity for using the words "if entrusted with the work" in the clause. The indication and phrasiology should be definite and positive. So my submission is that the Select Committee to be appointed for the consideration of the several provisions of the Bill must be given unfettered discretion for making any changes that may be deemed necessary. With these observations, I support the general principles of the Bill.

MR. N. RAMAKRISHNA PILLAI: Sir, I support the main provisions of the Bill. The proposed credit bank will prove to be of immense benefit to the people of this country. There have been several proposals in the past for the starting of a Land Mortgage Bank in Travancore. I believe the first proposal in this respect was made in 1925 by the Registrar of Co-operative Socities. In 1926 a scheme was actually submitted to Government for starting a Land Mortgage Bank. It was however after the gracious donation of a lakh of rupees, by His Highness the Maharaja announced at the investiture Darbar in 1931 that a bank was started. Now it has been found that that Bank does not give sufficient satisfaction to the people and that a bank that will serve the interests of the public better is absolutely necessary. Different types of banks have also been proposed by several committees which have investigated the question of starting a credit Bank. The Unemployment Enquiry Committee proposed the bringing into existence of a Land Mortgage Bank as a State concern. Similarly the Economic Depression Enquiry Committee proposed special legislation for the purpose of creating a Land Mortgage Bank. The Devadar Committee and the Banking Enquiry Committee also proposed the bringing into existence of a Land Mortgage Bank on a co-operative basis. In British India

LIBRARY ARCHIVES Kerala Legislative Assembly

there are Land Mortgage Banks in the Punjab, Madras and Bombay which have been started and are working under the Co-operative Societies Act. In Madras alone there is special legislation on the subject. We are proposing a special legislation the like of which is not found anywhere else in India. It is entirely a new piece of legislation. It combines the principles of the banking system with a special provision for the raising of debentures on the credit of the State. It is not possible to anticipate correctly what liability the state will ultimately have to incur on account of this institution as we have no experience to guide us in this respect. It is also not possible to say now how far our expectations will be realised. It is not easy for laymen to offer suggestion on a subject of this kind which is highly technical. All that we can do is to lay emphasis on the object we have in view, and also to point out to Government the dangers that appear to us to lie ahead when the Government proposes to lend its credit to this institution. It is with these objects in view that I venture to make these suggestions, although my acquaintance with the technical side of the question is very little

It is admitted on all hands that the credit of the ryots is completly gone, and it is impossible for them to borrow money from anywhere. The ordinary commercial banks will not advance money to them on the security of immoveable property. Further the interest they charge is very high. The conciliation machinery that has been brought into existence could not now do any useful work on account of the inability of the debtors to find funds. People will borrow at high rates of interest wherever facilities to borrow exist. They generally do not think of their ability to repay whenever they borrow. They only think of tiding over the present. The result is that in the majority of cases debts will accumulate and there will be no repayment. This is human nature. For the successful working of any bank it is therefore necessary to lend at such a rate of interest that the debtor may be able to repay. Otherwise the bank will be forced to purchase the properties offered as security and will ultimately be a losing concern. The bill provides for 2 ways of raising money, one by means of debenture and the other by means of shares. The issue of debentures will have to be made with the support of Government and on their guarantee, to enable the Bank to raise the loan at low rate of interest. We may expect such loans to be raised at 3 or $3\frac{1}{2}$ per cent. rate of interest. But in the case of shares the prospect of the dividend must be sufficiently attractive to induce shareholders to come in and the Government will not be able to guarantee a fixed dividend. If the bank is to advance money at a low rate of interest, it will not be able to pay a high dividend. The question is how to check the tendency to profit making by the shareholders to enable the Bank to lend at a low rate of interest.

The learned Law Member referred to the fact that the Devadar Committee has recommended the starting of a shareholder's Bank. I may say that that committee had in view the starting of a bank as a

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Ramakrishna Pillai.]

co-operative concern. Co-operative Banks do not work for profit. Their main object is to render help to the members. There is a check in the case of such concerns from the higher authorities with regard to the declaration of dividends. But in the case of joint stock concerns, the share holders are their own masters and they want to make as much profit as possible. In the case of this bank therefore the difficulty is to check the rate of dividend. It may be difficult to get shareholders who will be satisfied with 3 per cent. dividend. Anyhow the bill does not show how the Government is going to control the declaration of dividend. My fear is that the Government may not be able to control the dividend in order to enable the bank to lend money at a reasonably low rate of interest. This aspect of the question has to be considered in respect of the provisions in the Bill. I think that some provision should be made with this object either in the Regulation or in the Rules. I also think that to safeguard the interests of the ryots it is necessary to make all the necessary provisions in the Bill and the Regulations.

There is one other point which I would like to submit in this connection and that relates to working expenses. In Mysore, Madras and other places, the Governments undertake to defray all these working expenses till the Land Mortgage Banks are in a position to find funds for the purpose. There is no such provision here. We do not know exactly what the establishment charges would amount to. I believe that one and a half per cent. at least will be required for meeting the establishment charges for profit sharing and other expenses. I may also refer to the fact that in the present bill provision is made for a directorate of 11 persons. It seems to me that a Board of Management which transacts business at adjourned meetings at their leisure will not be able to work efficiently. Unless they meet daily, it will not be possible for these Directors to proceed with the business of the bank expeditiously and satisfactorily. I would suggest that the number of directors should be reduced in order that expenses may be reduced and work done more efficiently and expeditiously. Unless that is done it will not be possible for the Directors to work expeditiously and efficiently in the management of business. Not more than seven are needed to carry on the business efficiently. We are starting this as a method of relief to the ryots. I think these are important matters for consideration. So far as the shareholders are concerned, it is the rate of interest that counts most. But the ryots must get the amount at as low an interest as possible and must be able to repay. At Madras I understand the debentures carry an interest of 5 per cent. That will be too much here. Unless the Government takes sympathetic interest for the agriculturists, success is not easy. I also feel that the Government should have a very effective control over the bank. With these observations I support the principle of the Bill.

MR. N. VELU ACHARI : സർ, ഈ ട്രാവൻകൂർ ക്രഡിറ്റ് ബാങ്ക് ബില്ലിന്റെ അവതരണത്തിൽ ഞാൻ ഹൃദയംഗമായി സന്തോഷിക്കുന്നു. ഈ നാട്ടിലെ ഇന്നത്തെ സ്ഥിതിഗതികളെ അറിഞ്ഞു ഈ അവസര

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ ഇങ്ങനെ ഒരു ബില്ല കൊണ്ടുവന്ന ജനങ്ങളെ സഹായിക്കാമെന്ന് വിചാരിച്ച ഗവണ്മെണ്ടിനെ ഞാൻ അഭിനന്ദിക്കുകയും ഈ ബില്ലിനെ ബലമായി സപ്പോർട്ടചെയ്യുകയും ചെയ്യുന്നു. ഈ ബില്ലിനെ അനുകൂലിച്ചും പ്രതികൂലിച്ചും പല മെമ്പറന്മാരും ഇവിടെ സംസാരിച്ചു. കാർഷികപരമായും വ്യവസായപരമായും വ്യാപാരപരമായുമുള്ള പ്രാധാന്യത്തെപ്പറ്റി നോക്കുകയാണെങ്കിൽ ആ വിധം ജീവിക്കുന്നവർ ഈ ബില്ലിനെ അനുകൂലിക്കാതെ യാതൊരു നിവൃത്തിയുമില്ല. ഇതിനെ കഴിയുന്നതുംവേഗത്തിൽ നിയമരൂപമാക്കി പ്രവർത്തനത്തിൽകൊണ്ടുവരേണ്ടതു എത്രയും അത്യാവശ്യമാണ്. തൊഴിലാളികളും വ്യാപാരികളും കർഷകരുമായ അനേകമാളുകൾ പല ബാങ്കുകളുമായി ഇടപെട്ടു നശിച്ചുപോയിട്ടുണ്ട്. അമിതമായ പലിശക്രമംകൊണ്ടാണു് അധികവും നാശം വന്നിട്ടുള്ളതു്. ഏതെങ്കിലും ഒരു ബിസിനസ്സ് നടത്തുന്നതിനു പണം ആവശ്യപ്പെടുമ്പോൾ സമയത്തിനു അതു കിട്ടിയില്ലെങ്കിൽ നഷ്ടമെ സംഭവിക്കുകയുള്ളൂ. ഈ രീതിയിലാണ് ഇവിടെയുള്ള ബാങ്കുകളുടെ സ്ഥിതി. അതുകൊണ്ടു പരിഹാരമായി ചുരുങ്ങിയ പലിശക്കു വ്യാപാരികൾക്കും വ്യവസായികൾക്കും കർഷകർക്കും പണം കടംകൊടുത്തു സഹായിക്കുന്നതിനു ഒരു ബാങ്കുണ്ടായിരിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണ്. ഇപ്പോൾ ഇവിടെ ഇൻഡസ്ട്രിയൽ ലോണും വ്യവസായലോണും ലാൻറ് മോർട്ട്ഗേജ് ബാങ്കിൽനിന്നുമുള്ള ലോണും ജനങ്ങൾക്ക് കിട്ടിവരുന്നുണ്ട്. പക്ഷെ അതു് കിട്ടുന്നതിനുള്ള വിഷമവും താമസവും എത്രമാത്രമുണ്ടെന്നു് മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞു. അതുകൊണ്ടു വ്യവസായികളും വ്യാപാരികളും കർഷകരും ഇന്നു് അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടനഷ്ടങ്ങളെ പരിഹരിക്കത്തക്കവണ്ണം നമ്മുടെ സംസ്ഥാനത്തു സാമ്പത്തികമായ അഭിവൃദ്ധിയുണ്ടാകത്തക്കവണ്ണം ഇങ്ങിനെ ഒരു ബാങ്കു് ഉണ്ടാകുന്നതു് ഏറ്റവും അത്യാവശ്യമാണെന്നുള്ള സംഗതി ഇവിടെ പ്രസ്താവിക്കാതെ നിവർത്തിയില്ല.

ഈ ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽ ഈ ബാങ്കുകൊണ്ടു് മുഖ്യമായി പാപ്പുലേഷനെ മാത്രം അഭിവൃദ്ധിപ്പെടുത്തിയാൽമതി എന്നു കാണുന്നു. നാണ്യത്തിൽ വ്യവസായപരമായും മറ്റുമുള്ള ഉപയോഗയോഗ്യമായ ബിസിനസ്സുകളിൽ ഏർപ്പെട്ടു് വിഷമിക്കുന്നവർക്കു് ഈ ബാങ്കുകൊണ്ടു് പ്രയോജനം സിദ്ധിക്കാത്തവിധത്തിലും നാട്ടിൻപുറത്തുള്ളവർക്കു് വേണ്ട അനുകൂല്യം ഉണ്ടാകത്തക്കവിധത്തിലുമാണു് ഇതിൽ വിവരിച്ചു കാണുന്നതു. അതുകൊണ്ടു് നാട്ടിൻപുറത്തുള്ളവരെ മാത്രം നന്നാക്കണമെന്നുള്ള ഭാഗം

LIBRARY ARCHIVES Kerala Legislative Assembly

[Mr. N. Velu Achari.]

എടുത്തിട്ട് വ്യാപാരികളും വ്യവസായികളും കർഷകരുമായ ഈ രാജ്യത്തെ എല്ലാ പ്രജകൾക്കും ഈ ബാങ്കുകൊണ്ട് ആനുകൂല്യം സിദ്ധിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ ഈ ബില്ല് നിർമ്മിക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്.

ഈ ബില്ലിലെ ഓരോ വകുപ്പിനേയുംപറ്റി നോക്കിയാൽ അവയിൽ പല വ്യത്യാസങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. പക്ഷേ ആ വക വ്യത്യാസങ്ങളെപ്പറ്റി പരാമർശിച്ചു് അസംബ്ലിയുടെ സമയത്തെ നഷ്ടമാക്കേണ്ട ആവശ്യം ഇപ്പോൾ ഇല്ല എന്ന നടപടിയാൽ ഞാൻ വിശ്വസിക്കുന്നു. ഈ ബില്ല് സിലക്ട് കമ്മിറ്റിയിൽപോയി തിരിയെ ഇവിടെ വരുമ്പോൾ അവയേപ്പറ്റി വാദപ്രതിവാദം നടത്തിക്കൊള്ളാം. അതുകൊണ്ട് ഈ ബില്ല് കഴിയുന്നതും വേഗത്തിൽ നിയമമാക്കി ഈ നാട്ടിലെ കർഷകർക്കും വ്യാപാരികൾക്കും വ്യവസായികൾക്കും ഒരുപോലെ ഉപകരിക്കത്തക്ക വിധത്തിൽ പ്രവർത്തിക്കണമെന്ന് ഈ സഭയോടു ഞാൻ അപേക്ഷിക്കുകയും ഈ ബില്ലിന്റെ അവതരണത്തിൽ വിശാലവീക്ഷണമുള്ള ഗവണ്മെന്റിനെയും ലാമെമ്പർ അവർകളേയും അഭിനന്ദിക്കുകയും ഈ ബില്ലിനോടു അനുകൂലിക്കുകയും ചെയ്തുകൊണ്ട് തല്ക്കാലം വിരമിച്ചുകൊള്ളുന്നു.

MR. N. NARAYANA KURUP (*Ambalapuzha* cum *Shertalai*): Sir, I also support the principle of the Bill and wish to make certain remarks. Sir, the object of the Bill is patent from the Preamble. It is well and good. But there is a reasonable apprehension whether the benefit of the Bill will reach the smallest land holders as the Honourable Member Mr. Kunjithoman prophesied. If the Bank is to have only a central business centre at Trivandrum, the apprehension will surely be a realisation and I would suggest that there must be several branches.

Mr. Tayler in his report on the Reserve Bank survey, remarks that Co-operative Institutions are the best agencies for agricultural financing. But in the schedule, no mention rather, no provision is made to finance the Co-operative Societies which certainly needs immediate financing; unless the Co-operative societies are mended, and financed properly and adequately, the agricultural financing will not be done properly.

There are 1767 Societies in our State, out of which 1513 have been classed as bad and hopeless. The working capital of these, is about 86 lakhs of Rupees of which 51 lakhs are in arrears, with a certainty or 35 lakhs to be written off. These institutions, instead of giving short term loans have given long term loans and the capital is locked up.

CHAIRMAN: The House will now adjourn and meet again at 11 O' clock the next day.

The Assembly adjourned at 5 P. M.

E. I. CHACKO,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly